പാഠം 12

# തെക്കുനിന്നും വടക്കുനിന്നും മനോഹര ദേശത്തേക്ക്

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക. ദാനീയേൽ 11; 8:3-8, 20-22; യെശയ്യാവ് 46:9,10; ദാനിയേൽ 8:9,23; മത്തായി 27:33-50.**

**മനഃപാഠവാക്യം: "അന്ത്യകാലം വരെ അവരിൽ പരിശോധനയും ശുദ്ധീകരണവും നിർമ്മലീകരണവും സാധിക്കേണ്ടതിനു ബുദ്ധിമാന്മാരിൽ ചിലർ വീഴും; നിശ്ചയിക്കപ്പെട്ട കാലത്തുമാത്രം അന്തം വരും" (ദാനി. 11:35).**

വെല്ലുവിളിയാർന്ന ആ അദ്ധ്യായം നാം പഠിക്കാൻ തുടങ്ങുമ്പോൾ, പ്രാരംഭമായി ചില കാര്യങ്ങൾ അറിഞ്ഞിരിക്കണം. ഒന്നാമത്, ദാനിയേൽ 11, പുസ്തകത്തിലെ എല്ലാ മുൻപ്രവചന രൂപരേഖകൾക്കും സമാന്തരമായി നിലകൊള്ളുന്നു. 2,7,8,9 അദ്ധ്യായങ്ങളിൽ എന്നപോലെ പ്രവചനദൂതു പ്രവാചകന്റെ കാലം മുതൽ കാലാന്ത്യം വരെ നീണ്ടുപോകുന്നു. രണ്ടാമത്, ദൈവജനത്തെ പീഡിപ്പിക്കുന്ന ലോകശക്തികളുടെ ഒരു പിന്തുടർച്ച ഉളവായി വരുന്നു. മൂന്നാമത്, ഓരോ പ്രവചന രൂപരേഖയ്ക്കും സന്തോഷകരമായ ഒരു അന്ത്യം ഉണ്ടാകുന്നു. ദാനിയേൽ 2 ൽ കല്ല് ബിംബത്തെ തകർത്തു, 7 ൽ മനുഷ്യപുത്രൻ രാജത്വം നേടുന്നു, 8 ലും 9 ലും മശീഹയുടെ പ്രവർത്തനം മുഖേന വിശുദ്ധമന്ദിരം ശുദ്ധീകരിക്കപ്പെടുന്നു.

ദാനിയേൽ 11 മൂന്ന് അടിസ്ഥാനകാര്യങ്ങളെ പിന്തുടരുന്നു: (1) ഇതു പേർഷ്യൻ രാജാക്കന്മാരോടുകൂടെ ആരംഭിക്കുന്നു. വടക്കൻ രാജ്യത്തെ രാജാവു ദൈവത്തിന്റെ വിശുദ്ധപർവ്വത്തെ ആക്രമിക്കുന്ന അന്ത്യകാലത്തെയും രാജാക്കന്മാരുടെ ദുർവ്വിധികളെയും ഇതു ചർച്ച ചെയ്യുന്നു. (2) വടക്കേ നാട്ടിലെ രാജാവും തെക്കേ നാട്ടിലെ രാജാവും തമ്മിൽ തുടരെയുള്ള യുദ്ധങ്ങളും ദൈവജനത്തെ അവ എങ്ങനെ ബാധിക്കുന്നു എന്നതും വിവരിക്കപ്പെടുന്നു. (3) "മഹത്വമുള്ള വിശുദ്ധ പർവ്വതത്തിനു" സമീപം വടക്കു രാജ്യത്തിന്റെ രാജാവു മരിക്കുന്നതോടെ സന്തോഷകരമായ ഒരു ശുഭാന്ത്യം ഉണ്ടാകുന്നു (ദാനി. 11:45). അപ്രകാരമുള്ള അനുകൂലമായ ഒരു സമാപ്തി തിന്മയുടെ അന്ത്യത്തിനും ദൈവത്തിന്റെ നിത്യരാജ്യത്തിന്റെ സ്ഥാപനത്തിനും കൊടി വീശുന്നു.

---

*ഈ ആഴ്ചയിലെ പാഠം പഠിച്ച് മാർച്ച് 21 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...*

## പേർഷ്യയെയും ഗ്രീസിനെയും സംബന്ധിച്ച പ്രവചനങ്ങൾ

**ദാനീയേൽ 11:1-4 വായിക്കുക. ദാനിയേൽ പ്രവചനപുസ്തകത്തിൽ നമ്മൾ നേരത്തേ കണ്ട ചില പ്രവചനങ്ങളെ ഓർമ്മിപ്പിക്കുന്ന എന്താണു നമ്മൾ ഇവിടെ കാണുന്നത്?**

പേർഷ്യയിൽനിന്നു ഇനിയും മൂന്നു രാജാക്കന്മാർ ഉണ്ടാകുമെന്നു ഗബ്രീയേൽ പറയുന്നു. അവരെ തുടർന്നു നാലാമതു വേറൊരു രാജാവു വരും. അവൻ മറ്റ് എല്ലാവരിലും ധനികൻ ആയിരിക്കുകയും യവനന്മാരെ പ്രകോപിപ്പിക്കുകയും ചെയ്യും. കോരെശിനുശേഷം മൂന്നു രാജാക്കന്മാർ പേർഷ്യയുടെ മേൽ തുടരെ അധികാരം നടത്തി: കാംബിസെസ് (530-522 ബി.സി.), ഫോൾസ് സ്മെർദിസ് (522 ബി.സി.), ദാര്യാവേശ് (522-486 ബി.സി). നാലാമത്തെ രാജാവ് അർത്ഥഹ്ശഷ്ടാവ് (Xerxes) എസ്ഥേറിന്റെ പുസ്തകത്തിൽ പറയപ്പെടുന്ന അഹശ്വേരോശ് ആയിരുന്നു (എസ്ഥേർ 1:1-7). അവൻ ധനികനായിരുന്നു; കൂടാതെ പ്രവചനംപോലെ ഗ്രീസിനെ പിടിച്ചെടുക്കാൻ പട നയിക്കുകയും ചെയ്തു. ശക്തിയെല്ലാം ഉണ്ടായിരുന്നിട്ടും സമർത്ഥരായ ഒരു ചെറിയ ഗ്രീക്കു സൈന്യം മുഖാന്തരം അവൻ പിന്തിരിഞ്ഞു. ദാനീയേൽ 11:3 ൽ പറയപ്പെടുന്ന വിക്രമനായ (ശക്തനായ) രാജാവ് മഹാനായ അലക്സാണ്ടർ ആണെന്നു ഗ്രഹിക്കാൻ പ്രയാസമില്ല. അദ്ദേഹം പുരാതനലോകത്തിൽ സമ്പൂർണ്ണ ഭരണാധിപൻ ആയിത്തീർന്നു. രാജ്യം ഭരിക്കുവാൻ ഒരു അനന്തരാവകാശി ഇല്ലാതെ അദ്ദേഹം 32-ാം വയസ്സിൽ മരിച്ചു. അതിനെത്തുടർന്നു സാമ്രാജ്യം അദ്ദേഹത്തിന്റെ നാലു ജനറൽമാർക്കായി വിഭജിക്കപ്പെട്ടു: സെലൂക്കസ് സിറിയയും മെസൊപ്പൊത്തേമിയയും, ടോളമി ഈജിപ്തും, ലിസിമാക്കസ്സ് ത്രേയ്സും ഏഷ്യാ മൈനറിന്റെ ഭാഗങ്ങളും, കസ്സാണ്ടർ മാസിഡോണിയയും ഗ്രീസും ഭരിച്ചു.

**ദാനിയേൽ 11:2-4 വാക്യങ്ങളും 8:3-8, 20-22 വാക്യങ്ങളും തമ്മിൽ താരതമ്യം ചെയ്യുക. ഈ വാക്യങ്ങൾ ഒരുമിച്ചു അലക്സാണ്ടർ ആണ് ഇവിടെ പറയപ്പെടുന്ന ശക്തിയെന്നു തിരിച്ചറിയുവാൻ എങ്ങനെ സഹായിക്കുന്നു?**

ഈ പേരുകളുടെയും കാലങ്ങളുടെയും സ്ഥലങ്ങളുടെയും ചരിത്ര സംഭവങ്ങളുടെയും ചേർച്ചയിൽനിന്നു നമുക്ക് എന്തു പഠിക്കാൻ കഴിയുന്നു? ഒന്നാമത്, ദിവ്യദൂതുവാഹകൻ മുൻകൂട്ടി അറിയിച്ചതുപോലെ പ്രവചനം നിറവേറി. ദൈവവചനം പരാജയപ്പെടുന്നില്ല, രണ്ടാമത്, ദൈവമാകുന്നു ചരിത്രത്തിന്റെ കർത്താവ്. രാഷ്ട്രീയ ശക്തികളുടെയും, നായകന്മാരുടെയും രാജത്വങ്ങളുടെയും പിന്തുടർച്ച, ചക്രവർത്തിമാരുടെയും ഏകാധിപതികളുടെയും വിവിധ തരങ്ങളിലുള്ള രാഷ്ട്രീയക്കാരുടെയും അഭിലാഷംകൊണ്ടു മുമ്പോട്ടു നയിക്കപ്പെടുന്നു എന്നു നാം ധരിച്ചേക്കാം. എന്തായാലും, ദൈവമാണു ആത്യന്തികമായി എല്ലാം നിയന്ത്രിക്കുന്നതെന്നും ചരിത്രത്തിന്റെ ചക്രങ്ങളെ ദൈവം തന്റെ ദിവ്യോദ്ദേശ്യപ്രകാരം ചലിപ്പിക്കുന്നു എന്നും ബൈബിൾ വെളിപ്പെടുത്തുന്നു. ഇതു ആത്യന്തികമായി തിന്മയുടെ നിർമ്മാർജ്ജനത്തിലേക്കും ദൈവത്തിന്റെ നിത്യരാജ്യത്തിന്റെ സ്ഥാപനത്തിലേക്കും നയിക്കും.

## സിറിയയുടെയും ഈജിപ്തിന്റെയും പ്രവചനങ്ങൾ

**ദാനിയേൽ 11:5-14 വായിക്കുക. ഇവിടെ എന്താണു തുറക്കപ്പെടുന്നത്?**

മഹാനായ അലക്സാണ്ടറുടെ മരണത്തെ തുടർന്നു, അതിവിശാലമായിരുന്ന ഗ്രീക്ക് സാമ്രാജ്യം അദ്ദേഹത്തിന്റെ സൈന്യാധിപൻമാർക്കിടയിൽ വിഭജിക്കപ്പെട്ടു. അവരിൽ രണ്ടുപേർ, സെല്യൂക്കസ്സ് സിറിയയിലും (വടക്കു), ടോളമി ഈജിപ്തിലും (തെക്കു) രാജവാഴ്ച സ്ഥാപിച്ചു. ദേശത്തിന്റെ നിയന്ത്രണത്തിനുവേണ്ടി പരസ്പരം പോരാടിക്കൊണ്ടിരുന്നു.

ദാനിയേൽ 11:5-14 ൽ പറയപ്പെടുന്ന വടക്കേ രാജ്യത്തെ രാജാവും തെക്കേ രാജ്യത്തെ രാജാവും തമ്മിലുള്ള പ്രവചനത്തിൽ പറയപ്പെടുന്ന യുദ്ധങ്ങളെ അധികം ബൈബിൾ വിദ്യാർത്ഥികളും മനസ്സിലാക്കിയിട്ടുണ്ട്. ഈ രണ്ടു രാജവംശങ്ങളാണ് ഉദ്ദേശിക്കപ്പെടുന്നതെന്നു വ്യക്തമാണ്. ഈ രണ്ടു രാജവംശങ്ങളെ സംയോജിപ്പിക്കുവാൻ വിവാഹബന്ധംകൊണ്ടു ശ്രമമുണ്ടാകുമെന്നും പ്രവചനം പറയുന്നുണ്ടെങ്കിലും അതും അല്പായുസ്സുമാത്രമാണ് (ദാനി. 11:6). ആന്റിയോക്കസ്സ് II തിയോസിന്റെ (261-246 ബി.സി) മകന്റെ മകൻ സെല്യൂക്കസ്സ് I ഈജിപ്തിന്റെ രാജാവായിരുന്ന ടോളമി II ഫിലഡെൽഫസിന്റെ മകൾ ബെർണീസിനെ വിവാഹം കഴിച്ചതായി ചരിത്ര ഉറവിടങ്ങൾ നമുക്ക് അറിവു തരുന്നു. എന്തായാലും ആ ആലോചന നീണ്ടു പോയില്ല. ദൈവജനം ഉൾപ്പെട്ടതായ മത്സരം വേഗത്തിൽ വീണ്ടും തുടങ്ങുകയും ചെയ്തു. പ്രവാചകനായ ദാനീയേൽ രംഗത്തുനിന്നു വിട്ടുപോയശേഷം പല നൂറ്റാണ്ടുകളിൽ ദൈവജനത്തെ സ്പർശിച്ച പ്രധാന ചരിത്രസംഭവങ്ങളെ ദാനിയേൽ 11 ഉൾക്കൊള്ളുന്നു.

ലോകത്തിന്റെ ആ ഭാഗത്തു രാജ്യങ്ങൾ തമ്മിൽ അധികാരത്തിനുവേണ്ടി പൊരുതുന്നതിന്റെ യുദ്ധവിവരങ്ങൾ കാലത്തിനു മുമ്പേ ദൈവം എന്തിനാണു വെളിപ്പെടുത്തുന്നതെന്നു നാം ചോദിച്ചേക്കാം. ***കാരണം വളരെ ലളിതമാണ്; ഈ യുദ്ധങ്ങൾ ദൈവജനത്തെ ബാധിക്കുന്നു.*** വരുവാനുള്ള വർഷങ്ങളിൽ ദൈവജനം നേരിടേണ്ടി വരുന്ന പല വെല്ലുവിളികളെയും ദൈവം മുൻകൂട്ടി പ്രസ്താവിക്കുന്നു. കൂടാതെ, ദൈവമാണു ചരിത്രത്തിന്റെ കർത്താവ്; പ്രവചനരേഖകളെ ചരിത്രസംഭവങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പ്രവചനവാക്കുകൾ അവ പ്രസ്താവിക്കപ്പെട്ടതുപോലെ തന്നെ നിറവേറി എന്നു നമുക്കു കാണുവാനും കഴിയുന്നു. പുരാതന യവനരാജവംശങ്ങൾ തമ്മിലുള്ള മാറിമറിച്ചിലുകൾ മുൻകൂട്ടി പ്രഖ്യാപിച്ച ദൈവം ഭാവിയെ അറിയുന്ന ദൈവമാണ്. ഈ ദൈവം നമ്മുടെ വിശ്വാസത്തിനും ആശ്രയത്തിനും യോഗ്യനാണ്. ഇതൊരു വലിയ ദൈവമാണ്, മനുഷ്യഭാവനയിൽ നിർമ്മിക്കപ്പെട്ട ഒരു വിഗ്രഹമല്ല. ദൈവം ചരിത്രഗതിയെ നയിക്കുക മാത്രമല്ല, നാം അനുവദിച്ചാൽ നമ്മുടെ ജീവിതഗതികളെയും നിയന്ത്രിക്കുവാൻ ദൈവത്തിനു കഴിയും.

**യെശയ്യാവ് 46:9,10 വായിക്കുക. എത്രമാത്രം അടിസ്ഥാന ക്രിസ്തീയ ദൈവശാസ്ത്രം ഈ വാക്യങ്ങളിൽ കാണപ്പെടുന്നു, അവയിൽനിന്നു നമുക്ക് എന്തു വലിയ പ്രത്യാശ നേടുവാൻ കഴിയും ദൈവം സ്നേഹവാനും ദയാലുവും ആയിരിക്കാതെ കോപിഷ്ഠനും കർശനക്കാരനും ആയിരുന്നെങ്കിൽ വാക്യം 10 എത്രമാത്രം പേടിപ്പെടുന്നത് ആകുമായിരുന്നു എന്നു ചിന്തിക്കുക.**

## റോമയും നിയമത്തിന്റെ പ്രഭുവും

**ദാനിയേൽ 11:16-28 വായിക്കുക. വേദഭാഗം പ്രയാസകരമാണെങ്കിലും ദാനിയേലിന്റെ മറ്റിടങ്ങളിൽ പ്രത്യക്ഷമാകുന്ന ഏതു രൂപങ്ങൾ നിങ്ങൾക്കു കണ്ടുപിടിക്കാനാകും?**

യവനരാജാക്കന്മാരിൽനിന്നു പ്രാകൃത റോമയിലേക്കുള്ള ഒരു അധികാരമാറ്റമാണു ദാനിയേൽ 11:16 ൽ കാണപ്പെടുന്നത്: അവന്റെ നേരെ വരുന്നവൻ ഇഷ്ടംപോലെ പ്രവർത്തിക്കും; ആരും അവന്റെ മുമ്പാകെ നിൽക്കയില്ല; അവൻ മനോഹര ദേശത്തു നിൽക്കും; അവന്റെ കൈയിൽ സംഹാരം ഉണ്ടായിരിക്കും" (ദാനി. 11:16). ആ മനോഹര ദേശം യെരൂശലേം ആണ്. പുരാതന യിസ്രായേൽ അധിവസിച്ചിരുന്നിടം; ആ സ്ഥലം കൈവശപ്പെടുത്തുന്ന പുതിയ ശക്തി റോമയാണ്. ചെറിയ കൊമ്പിന്റെ പാർശ്വവികാസത്തിൽ ഇതേ സംഭവം പ്രതിനിധീകരിക്കപ്പെട്ടിട്ടുണ്ട്; അതു മനോഹരദേശത്തോളം എത്തുകയും ചെയ്യുന്നു (ദാനി. 8:9). അതുകൊണ്ടു ഈ ഘട്ടത്തിൽ ലോകത്തിന്റെ അധികാരമുള്ള ശക്തി റോമയാണെന്നു വ്യക്തമാണ്.

ബൈബിളിലെ ചില അധിക തെളിവുകൾ ഈ ചിന്താഗതിയെ കൂടുതൽ ഉറപ്പിക്കുന്നതാണ്. ഉദാഹരണത്തിനു "നികുതി ചുമത്തുന്നവൻ" എന്നതിനു ഔഗുസ്തൊസ് കൈസറിനെ ആയിരിക്കും ഉദ്ദേശിക്കുന്നത്. അദ്ദേഹത്തിന്റെ കാലത്താണു യേശു ജനിച്ചതും, മറിയയും ജോസഫും കാനേഷ്മാരിയിൽ പേരു ചേർക്കുവാൻ ബേത്‌ലേഹെമിലേക്കു യാത്രചെയ്തതും (ദാനി. 11:20). ഈ രാജാവിനുശേഷം നീചനായ (നിന്ദ്യനായ) ഒരുത്തൻ വരും (11:21). ഔഗുസ്തൊസിനുശേഷം, അവന്റെ ദത്തുപുത്രനായ തിബെര്യാസ് ആണ് വന്നതെന്നാണു ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്. തിബെര്യാസ് വിചിത്ര സ്വഭാവക്കാരനും നീചനും ആയിരുന്നു എന്നാണ് അറിയപ്പെടുന്നത്.

സർവ്വപ്രധാനമായി, വേദഭാഗം അനുസരിച്ചു തിബെര്യാസിന്റെ വാഴ്ച കാലത്താണ് "നിയമത്തിന്റെ പ്രഭു" തകർക്കപ്പെട്ടതു (ദാനി. 11:22). ഇതു ക്രിസ്തുവിന്റെ ക്രൂശീകരണത്തെയാണു ഉദ്ദേശിക്കുന്നത്." മശീഹയായ പ്രഭു" എന്നും വിളിക്കപ്പെടുന്നു (ദാനി. 9:25; മത്താ. 27:33-50 കാണുക). തിബെര്യാസിന്റെ ഭരണകാലത്തായിരുന്നു യേശു കൊല്ലപ്പെട്ടത്. യേശുവിനെ സംബന്ധിച്ചു" "നിയമത്തിന്റെ പ്രഭു" (Prince of the Covenant) എന്ന പരാമർശം ശക്തമായ ഒരു അടയാളമാണ്, ചരിത്രസംഭവങ്ങളുടെ ഒഴുക്കിനെ നമുക്കു കാണിച്ചുതരുവാൻ അതു സഹായിക്കുന്നു. ഇതെല്ലാം ദൈവത്തിന്റെ ആശ്ചര്യകരമായ മുന്നറിവിനു പിന്നെയും തെളിവു നൽകുന്നു. ഈ പ്രവചനങ്ങളിലൂടെ വന്നു ചേർന്ന സകലകാര്യങ്ങളിലും ദൈവം ശരിയാണ്. അതുകൊണ്ടു ഭാവിയിൽ സംഭവിക്കുമെന്നു ദൈവം പറയുന്ന കാര്യങ്ങളിൽ നമുക്കു ദൈവത്തെ പൂർണ്ണമായി വിശ്വസിക്കാം. (Prince of the Covenant = ഉടമ്പടി പ്രഭു, വാഗ്ദത്ത പ്രഭു, അഭിഷിക്തനായ പ്രഭു)

**രാഷ്ട്രീയവും ചരിത്രപരവുമായ സകല സംഭവങ്ങളുടെയും നടുവിൽ, നസറായനായ യേശു, വാഗ്ദത്ത പ്രഭു, വേദഭാഗങ്ങളിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. മാറ്റങ്ങളും ഉപജാപങ്ങളും ഉണ്ടായാലും യേശു തിരുവെഴുത്തിന്റെ കേന്ദ്രം ആണെന്ന് ഇത് എങ്ങനെ എടുത്തുകാണിക്കുന്നു?**

## അടുത്ത വൻശക്തി

**ദാനിയേൽ 11:29,30 വായിക്കുക. പ്രാകൃതറോമയ്ക്കുശേഷം വരുന്ന ഈ ശക്തി ഏതാകുന്നു?**

ദാനിയേൽ 11:29-39 ഒരു പുതിയ ശക്തി സമ്പ്രദായത്തെ പരാമർശിക്കുന്നു. ഈ സമ്പ്രദായം (വ്യവസ്ഥിതി) റോമൻ സാമ്രാജ്യത്തിന്റെ തുടർച്ചയായി നിലനിൽക്കുന്നു. അതിനു അതിന്റെ മുൻഗാമിയുടെ പല പ്രത്യേകതകളും ഉണ്ടുതാനും. എന്നാലും മറ്റുചില കാര്യങ്ങളിൽ അതു വ്യത്യസ്തമായി കാണപ്പെടുന്നു. ബൈബിൾ വചനം പറയുന്നു," "എങ്കിലും ഈ പ്രാവശ്യം മുമ്പിലത്തെപ്പോലെ സാധ്യമാകയില്ല" (11:29). നാം മുന്നോട്ടുനോക്കുമ്പോൾ, അതൊരു മതശക്തി എന്നവണ്ണം പ്രവർത്തിക്കുന്നതായി കാണുന്നു. അതു അതിന്റെ ആക്രമണങ്ങളിൽ പ്രധാനമായും ദൈവത്തിനും ദൈവജനത്തിനും എതിരായി ലക്ഷ്യമിടുന്നു. ഈ രാജാവിന്റെ ചില പ്രവൃത്തികളെ നമുക്കു നോക്കാം.

**ഒന്നാമത്,** അവൻ "വിശുദ്ധനിയമത്തോടു ക്രുദ്ധിച്ചു പ്രവർത്തിക്കും" (ദാനി. 11:30). ദൈവത്തിന്റെ രക്ഷാവാഗ്ദത്തം (ഉടമ്പടി) ആയിരിക്കാം ഇതിനാൽ ഉദ്ദേശിക്കപ്പെടുന്നത്. അതിനെ ഈ രാജാവ് എതിർക്കുന്നു.

**രണ്ടാമത്,** ഈ രാജാവ് "വിശുദ്ധമന്ദിരമായ കോട്ടയെ അശുദ്ധമാക്കുകയും നിരന്തരഹോമം നിർത്തലാക്കുകയും ചെയ്യും" (വാ. 31). ചെറിയ കൊമ്പു "വിശുദ്ധമന്ദിരത്തിന്റെ" അടിസ്ഥാനങ്ങളെ തകർക്കുകയും, "നിരന്തര ഹോമം" നിർത്തലാക്കുകയും ചെയ്യുമെന്നു ദാനിയേൽ 8:11 ൽ നാം കാണുകയുണ്ടായി. ക്രിസ്തുവിന്റെ സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിലെ ശുശ്രൂഷക്ക് എതിരെയുള്ള ആത്മിക ആക്രമണമായി ഇതിനെ നാം കാണേണ്ടിയിരിക്കുന്നു.

**മൂന്നാമത്,** തന്റെ ആക്രമണത്തിന്റെ ഒരു ദൂഷ്യഫലം എന്ന വണ്ണം ഈ ശക്തി ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിൽ (11:31). "ശൂന്യമാക്കുന്ന മ്ലേച്ഛബിംബം" (abomination of desolation) പ്രതിഷ്ഠിക്കുന്നു. ഇതിനു സമമായ "ശൂന്യമാക്കുന്ന അതിക്രമം (transgression of desolation) ചെറിയ കൊമ്പിന്റെ പിന്മാറ്റത്തിന്റെയും മത്സരത്തിന്റെയും പ്രവൃത്തികളെയാണു ചൂണ്ടിക്കാണിക്കുന്നത് (ദാനീ. 8:13).

**നാലാമത്,** ഈ ശക്തി ദൈവജനത്തെ പീഡിപ്പിക്കുന്നു: "അന്ത്യകാലം വരെ അവരിൽ പരിശോധനയും ശുദ്ധീകരണവും നിർമ്മലീകരണവും സാധിക്കേണ്ടതിനു ബുദ്ധിമാന്മാരിൽ ചിലർ വീഴും (11:35). സൈന്യത്തിലെ ചിലരെയും ചില നക്ഷത്രങ്ങളെയും തള്ളിയിട്ടു ചവിട്ടിക്കളഞ്ഞ ചെറിയ കൊമ്പിനെയാണു നമുക്കു ഓർമ്മപ്പെടുത്തുന്നത് (ദാനി. 8:10 നെ 7:25 മായി താരതമ്യം ചെയ്യുക).

**അഞ്ചാമത്,** ഈ രാജാവു "സകല ദേവന്മാർക്കും മീതെതന്നെത്താൻ ഉയർത്തുകയും ദൈവാധിദൈവത്തിനെതിരെ ദൂഷണം പറയുകയും ചെയ്യും. (11:36). ചെറിയ കൊമ്പും "വമ്പു" പറയുന്നു (ദാനി. 7:8) ദൈവത്തിനെതിരെപോലും (ദാനി. 7:25).

**മറ്റു സമാനതകൾ പറയാൻ കഴിയുമെങ്കിലും ദാനിയേൽ 7 ലും 8 ലും വായിക്കുന്നതനുസരിച്ചു ആരാണു ഈ ശക്തി? സാമൂഹിക സമ്മർദ്ദങ്ങൾ ഉണ്ടായാലും ഇതിനെ തിരിച്ചറിയുന്നതിൽ നാം ഉറച്ചുനിൽക്കേണ്ടത് എന്തുകൊണ്ടു പ്രധാനമാണ്?**

## അന്തിമ സംഭവങ്ങൾ

**ദാനിയേൽ 11:40-45 വായിക്കുക. ഇവിടെ എന്താണു സംഭവിക്കുന്നത്? താഴെ നൽകപ്പെടുന്ന പദാവലികൾ ഈ വേദഭാഗത്തെ മനസ്സിലാക്കുവാൻ സഹായിക്കും:**

**അന്ത്യകാലം: (Time of the end):** "അന്ത്യകാലം" എന്ന പദപ്രയോഗം ദാനിയേലിന്റെ പുസ്തകത്തിൽ മാത്രമേ കാണപ്പെടുന്നുള്ളൂ (ദാനി. 8:17; 11:35,40; 12:4,9). അന്ത്യകാലം 1798 ലെ പാപ്പാത്വത്തിന്റെ പതനം മുതൽ മരിച്ചവരുടെ പുനരുത്ഥാനം വരെ നീണ്ടുപോകുന്നതായി സൂചിപ്പിക്കപ്പെടുന്നു (ദാനി. 12:2).

**വടക്കേ ദേശത്തിലെ രാജാവ്:** ഭൂമിശാസ്ത്രപരമായി സെല്യൂക്കസിന്റെ രാജവംശത്തെയും പിന്നീട് അതു പ്രാകൃത റോമയെയും പാപ്പാത്വറോമയെയും സൂചിപ്പിക്കുന്നു. അതു ഭൗമികമായ ഒരു സ്ഥലത്തെ വിവരിക്കുന്നില്ല, എന്നാൽ ദൈവത്തിന്റെ ആത്മിക ശത്രുവിനെ വിവരിക്കുന്നു. അതുകൂടാതെ വടക്കേ ദേശത്തെ രാജാവു സത്യദൈവത്തിന്റെ ഒരു വ്യാജനെ പ്രതിനിധീകരിക്കുന്നു; അതു ബൈബിളിൽ സാദൃശമായി വടക്കിനോടുബന്ധിക്കപ്പെട്ടിരിക്കുന്നു (യെശ. 14:13).

**തെക്കേ ദേശത്തെ രാജാവ്:** ഇത് ഈജിപ്തിലെ ടോളമിയുടെ രാജവംശത്തെ സൂചിപ്പിക്കുന്നു. ചില ദൈവശാസ്ത്രജ്ഞർ അതിനെ നിരീശ്വരത്വവുമായി ബന്ധിപ്പിക്കുന്നു വെളിപ്പാട് 11:8 ഈജിപ്തിനെ പരാമർശിക്കുമ്പോൾ എലൻ ജി. വൈറ്റ് പറയുന്നതു," ഇതു നിരീശ്വരവാദം ആകുന്നു." The Great Controversy. p. 269.

**മഹത്വമേറിയ വിശുദ്ധ പർവ്വതം:** പഴയനിയമ കാലത്ത് ഇത് സീയോനെ സൂചിപ്പിച്ചു. അതു തലസ്ഥാനവും യിസ്രായേലിന്റെ ഹൃദയവും ആയിരുന്നു. ഭൂമിശാസ്ത്രപരമായി അതു വാഗ്ദത്ത ദേശത്തു സ്ഥിതിചെയ്തിരുന്നു. ക്രൂശിനുശേഷം ദൈവജനം പിന്നെ ഒരിക്കലും വംശീയമായും ഭൂമിശാസ്ത്രപരമായും നിർവ്വചിക്കപ്പെടുന്നില്ല. അതുകൊണ്ടു വിശുദ്ധപർവ്വതം ലോകമെങ്ങുമുള്ള ദൈവജനത്തിന്റെ സാദൃശമായ നാമധേയമാണ്.

അതുകൊണ്ടു സംഭവങ്ങളെ നമുക്കു ഇപ്രകാരം വ്യാഖ്യാനിക്കുവാൻ കഴിഞ്ഞേക്കും: (1) തെക്കേ ദേശത്തെ രാജാവ് വടക്കേ ദേശത്തെ രാജാവിനെ ആക്രമിക്കുന്നു: ഫ്രഞ്ചു വിപ്ലവം മതത്തെ നിർമ്മാർജ്ജനം ചെയ്യുവാനും പാപ്പാത്വത്തെ കീഴ്പെടുത്തുവാനും ശ്രമിച്ചു, പക്ഷേ പരാജയപ്പെട്ടു. (2) വടക്കേ ദേശത്തെ രാജാവു തെക്കേ ദേശത്തെ രാജാവിനെ ആക്രമിച്ചു തോല്പിക്കുന്നു: പാപ്പാത്വത്തിന്റെ നേതൃത്വത്തിലുള്ള മതശക്തികളും സഖ്യകക്ഷികളും കാലക്രമേണ നിരീശ്വര ശക്തികളെ ജയിക്കുകയും തോല്പിക്കപ്പെട്ട ശത്രുവുമായി സഖ്യം ഉണ്ടാക്കുകയും ചെയ്യും. (3) ഏദോം, മോവാബ്, അമ്മോന്റെ ആൾക്കാർ തുടങ്ങിയവർ രക്ഷപ്പെടും: ദൈവജനത്തിന്റെ ഇടയിൽ എണ്ണപ്പെടാത്ത ചിലർ അവസാനമണിക്കൂറിൽ തൊഴുത്തിൽ വന്നുചേരും (4) വടക്കേ രാജ്യത്തെ രാജാവു വിശുദ്ധപർവ്വതത്തെ ആക്രമിക്കാൻ ഒരുങ്ങുകയും എന്നാൽ നശിച്ചു പോകുകയും ചെയ്യുന്നു: ദുഷ്ടശക്തികൾ നശിപ്പിക്കപ്പെടുകയും, ദൈവരാജ്യം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.

**ദൈവവും ദൈവത്തിന്റെ ജനവും അന്ത്യത്തിൽ വിജയിക്കും എന്ന അറിവിൽനിന്നു നമുക്കു എങ്ങനെ ആശ്വാസം കൈക്കൊള്ളാൻ കഴിയും?**

## കൂടുതൽ പഠനം:

ദാനിയേൽ 11:29-39 നെ പരാമർശിക്കുമ്പോഴെങ്കിലും ദാനിയേൽ 11:31 ലെ ശൂന്യമാക്കുന്ന മ്ലേച്ഛബിംബം പാപ്പാത്വവും അതിന്റെ ഉപദേശ തത്വങ്ങളും ആചാരങ്ങളും ആണെന്നു മാർട്ടിൻ ലൂഥർ തിരിച്ചറിഞ്ഞതു താല്പര്യകരമാണ്. അങ്ങനെ, ദാനിയേൽ 11 ന് ദാനിയേൽ 7, 8 അദ്ധ്യായങ്ങളുമായുള്ള പരസ്പരബന്ധം മാർട്ടിൻ ലൂഥറിന്റെയും മറ്റു പല പ്രൊട്ടസ്റ്റന്റ് വ്യാഖ്യാതാക്കളുടെയും കാഴ്ചപ്പാടുകളെ അരക്കിട്ട് ഉറപ്പിക്കുന്നതാണ്. പാപ്പാത്വ സ്ഥാപനവും അതിന്റെ ഉപദേശങ്ങളും ചരിത്രത്തിലെ ഈ പ്രവചനങ്ങളുടെ നിറവേറലിനു രൂപം നൽകുന്നു എന്ന് അവർ സ്ഥാപിക്കുന്നു. ഇതിനോടു ബന്ധപ്പെട്ട് എലൻ ജി. വൈറ്റ് പറയുന്നു: “റോമൻ അധികാര പരിധിക്കുള്ളിലെ ഒരു സഭയും മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം ആസ്വദിക്കുന്നതിൽ അധികാലം ഉപദ്രവിക്കപ്പെടാതിരുന്നിട്ടില്ല. പാപ്പാത്വം ശക്തിപ്രാപിച്ച ഉടൻ തന്നെ അവളുടെ നിയന്ത്രണം അംഗീകരിക്കാത്ത സകലരെയും ഞെരിച്ചമർത്തുവാൻ അവൾ അവളുടെ കരങ്ങൾ നീട്ടി; ഒന്നൊന്നായി സഭകൾ അവളുടെ അധികാരത്തിനു കീഴ്പെടുകയും ചെയ്തു.” The Great Controversy. p. 62.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **മറ്റുള്ളവരുടെ ചേതോവികാരങ്ങളിൽ ബോധവാന്മാർ ആയിരുന്നുകൊണ്ടു തന്നെ, എന്നാലും അനുരഞ്ജനം (വിട്ടുവീഴ്ച) കൂടാതെ, അന്ത്യനാളുകളിലെ റോമയുടെ പങ്കിനെ സംബന്ധിച്ച ബൈബിളിന്റെ ഉപദേശങ്ങളെ എങ്ങനെ മുറുകെ പിടിക്കുവാൻ കഴിയും?**
2. **ദാനിയേൽ 11:33 ഇപ്രകാരം വായിക്കുന്നു: “ജനത്തിൽ ബുദ്ധിമാന്മാരായവർ പലർക്കും ബോധം വരുത്തും; എങ്കിലും കുറെ കാലത്തേക്ക് അവർ വാൾകൊണ്ടും തീയ് കൊണ്ടും പ്രവാസംകൊണ്ടും കവർച്ചകൊണ്ടും വീണുകൊണ്ടിരിക്കും; ദൈവത്തിന്റെ വിശ്വസ്തജനത്തിൽ ചിലരുടെ ദുർവ്വിധിയെക്കുറിച്ച് ഈ വാക്യം എന്താണു പറയുന്നത്? അവരിൽ പലരും രക്തസാക്ഷികൾ ആകും മുമ്പ് എന്തു ചെയ്യണമെന്നാണു വാക്യം പറയുന്നത്? അതിൽ ഇന്നത്തേക്കു നമുക്കുള്ള സന്ദേശം എന്താണ്?**
3. **ദാനിയേൽ 11:36 ഇങ്ങനെ വായിക്കുന്നു: “രാജാവോ ഇഷ്ടംപോലെ പ്രവർത്തിക്കും; അവൻ തന്നെത്താൻ ഉയർത്തി ഏതു ദേവനും മേലായി മഹത്വീകരിക്കുകയും ദൈവാധിദൈവത്തിന്റെ നേരെ അപൂർവ്വകാര്യങ്ങളെ സംസാരിക്കുകയും കോപം നിവൃത്തിയാകുവോളം അവനു സാധിക്കുകയും ചെയ്യും; നിർണ്ണയിക്കപ്പെട്ടിരിക്കുന്നതു സംഭവിക്കുമല്ലോ.” ആരെക്കുറിച്ചും എന്തിനെക്കുറിച്ചുമാണ് ഇതു നിങ്ങൾക്ക് ഓർമ്മ വരുത്തുന്നത്? (യെശ. 14:12-17; 2 തെസ്സ. 2:1-4 എന്നിവയും കാണുക.)**
4. **ദാനിയേൽ 11:27,29,35 വാക്യങ്ങൾ “നിശ്ചയിക്കപ്പെട്ട സമയം” എന്ന പദാവലി ഉപയോഗിക്കുന്നു. അതു നമ്മോടു, വീണ്ടും, ചരിത്രത്തിന്മേലുള്ള ദൈവത്തിന്റെ നിയന്ത്രണത്തെക്കുറിച്ച് എന്താണു പറയുന്നത്?**